# ശ്ലീവാകാലം
# വചന വിചിന്തനം
## ശ്ലീവാകാലം നാലാം ഞായർ
### മത്താ 18,1-9

**"ആരാണ് വലിയവൻ?" എന്ന ചോദ്യത്തിന് ക്രിസ്തുവിന് അന്നും ഇന്നും ഒരേ ഉത്തരം, സ്വയം ഉയർത്തുന്നവനല്ല, മറിച്ച് ദൈവം ഉയർത്തുന്നവനാണ് വലിയവയൻ!**

*1 ശിഷ്യൻമാർ യേശുവിനെ സമീപിച്ചുചോദിച്ചു: സ്വർഗരാജ്യത്തിൽ വലിയവൻ ആരാണ്?*

"സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ" ആരെന്ന പ്രശ്നം ശിഷ്യരുടെ ഇടയിലുണ്ടായ ഒരു തർക്കവുമായി ബന്ധപ്പെട്ടതല്ല (മർക്കോ 9.33... 'തങ്ങളിൽ ആരാണു വലിയവൻ') 16.1 മുതൽ വാക്യങ്ങൾ പ്രാധാന്യം കൊടുക്കുന്നത് കേപ്പാ, യാക്കോബ്, യോഹന്നാൻ എന്നിവരിൽ ആരായിരിക്കും 'സ്വർഗ്ഗരാജ്യത്തിലെ വലിയവൻ' എന്നാവാം അവർ ചോദിക്കുന്നത്. എന്നാൽ, മത്തായി പ്രതിപാദിക്കുന്നത് അടിസ്ഥാനപരമായ ഒരു പ്രശ്നമാണ്. സ്വർഗ്ഗരാജ്യത്തിൽ പ്രധാന സ്ഥാനങ്ങൾ വേണമെന്ന് ആഗ്രഹിക്കുന്ന 'സബദീപുത്രൻമാരെ'ക്കുറിച്ച് മത്തായി പിന്നീടു പ്രതിപാദിക്കുന്നതാണ് (20.20-28). ശിഷ്യരിൽ വലിയവൻ ആരെന്നല്ല, സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആര് എന്നതാണ് ഇവിടത്തെ പ്രതിപാദ്യം.

സഭാസമൂഹത്തിൽ സേവനമനുഷ്ഠിക്കുന്നവർക്കാണ് ആത്യന്തികമായി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയുന്നത്. സഭ ഭാവികസ്വർഗ്ഗരാജ്യത്തിന്റെ മുൻപതിപ്പാണ്.

വലിയവൻ ആകാനുള്ള ആഗ്രഹത്തെ ക്രിസ്തു തിരസ്ക്കരിക്കുന്നില്ല. മറിച്ച്, അതിനുവേണ്ടിയുള്ള തത്രപാടിനെ ക്രിസ്തു നിരാകരിക്കുന്നു!

*2-3 യേശു ഒരു ശിശുവിനെ വിളിച്ച് അവരുടെ മധ്യേ നിർത്തിക്കൊണ്ട് അരുളിച്ചെയ്തു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല.*

അവരുടെ ചോദ്യത്തിന് ഈശോ നേരിട്ട് ഉത്തരം നൽകുന്നില്ല. മർക്കോസിൽനിന്നു വരുന്ന ഒരു ശിശുവിന്റെ ചിത്രമാണ് മത്തായി ഉപയോഗിപ്പെടുത്തുന്നത് (മർക്കോ 9.36). ഈശോ ശിശുവിനെ കയ്യിൽ എടുക്കുന്നില്ല. ശിശുക്കളെ ആശീർവദിക്കുമ്പോഴും അവരെ കയ്യിൽ എടുക്കുന്നില്ല (19.5). നിഷേധാത്മകമായ 'ആമേൻ' വാക്യങ്ങൾ ശക്തങ്ങളാണ് (5.20). ഭീഷണിസ്വഭാവമുള്ളതാണു, "നിങ്ങൾ മാനസാന്തരപ്പെടുന്നില്ലെങ്കിൽ" അഥവാ, "ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ." യഹൂദസമൂഹം 12 വയസ്സുവരെയുള്ള കുട്ടികൾക്ക് (ശിശുക്കൾക്ക്) ഒരു പ്രാധാന്യവും കൊടുത്തിരുന്നില്ല. എന്നാൽ, ഈശോയുടെ വീക്ഷണത്തിൽ, രക്ഷാസംവിധാനത്തിൽ അവർക്കു വളരെ പ്രാധാന്യമുണ്ട്. വീണ്ടു ജനിക്കുന്നതെക്കുറിച്ചു പറയുമ്പോൾ, യോഹന്നാൻ അർത്ഥമാക്കുന്നത്, 'ശിശുക്കളെപ്പോലെ ആയിത്തീരുക' എന്നതാണ് (3.3-5). മാനസാന്തരം ആത്മീയശിശുത്വത്തിന്റെ ആരംഭമാണ്. ചിലരുടെ അഭിപ്രായത്തിൽ, അതു പാപജീവിതം ഉപേക്ഷിക്കലും മറ്റു ചിലരുടെ അഭിപ്രായത്തിൽ, അവകാശവാദങ്ങൾ ഉപേക്ഷിക്കലും, വേറെ ചിലരുടെ അഭിപ്രായത്തിൽ എളിമപ്പെടലുമാണ്.

*4 ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണു സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ.*

ഈശോ അവരുടെ മദ്ധ്യേ വിളിപ്പിച്ചു നിർത്തിയ ഒരു ശിശുവുമായി (18.2) ബന്ധ

പ്പെടുത്തി 'എളിമപ്പെടലിനെക്കുറിച്ചു പറയുന്നതിലാണ്', 'ഈ ശിശുവിനെപ്പോലെ സ്വയം എളിമപ്പെടുത്തിയിരുന്നു എന്ന ധ്വനി അവിടെയില്ല. വിധിയുടെ പശ്ചാത്തലത്തിൽ, 'താഴ്ത്തപ്പെടുക' എന്നതു ശിക്ഷയുടെയും (23.12) ഉയർത്തപ്പെടുക എന്നത് അനുഗ്രഹവുമാണ്. ശിശുക്കളെക്കുറിച്ചു പൊതുവിൽ പറഞ്ഞതും (18.3) ഒരു ശിശുവിനെക്കുറിച്ചു പ്രത്യേകം പറയുന്നതു തമ്മിൽ വ്യതാസമില്ല.

*5 ഇതുപോലുള്ള ഒരു ശിശുവിനെ എൻെറ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു.*

'ഈ ശിശുവിനെപ്പോലെയുള്ളവർ, സമൂഹത്തിലെ അനാഥശിശുക്കളാവാം.' ജീവകാരുണ്യപ്രവർത്തനങ്ങൾ ഈശോയ്ക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തികളാണ് (25.35–40). 'ഈ ശിശുവിനെപ്പോലെയുള്ളവനെ സ്വീകരിക്കുന്നവൻ എന്ന അയച്ചവനെയും സ്വീകരിക്കുന്നു" (മർക്കോ 9.36...).

എന്നാൽ, ഈ വാക്യം ഈശോയുടെ ശിഷ്യരെ സ്വീകരിക്കുന്നതെക്കുറിച്ചാണു പ്രധാനമായും പ്രതിപാദിക്കുന്നത്. മാനസാന്തരപ്പെടുന്നവർ ശിശുക്കൾക്കു തുല്യരായ വിശ്വാസികളാണ്, ശിഷ്യരാണ്. ഈശോയുടെ നാമത്തിൽ വരുന്നവന്, ഒരു പാത്രം വെള്ളം കൊടുക്കുന്നതിനുപോലും പ്രതിഫലം ലഭിക്കും (10.42). വിശ്വാസികൾ ചെറിയവരാണ്, നിസ്സാരരാണ്. അവരെ സ്വീകരിക്കുന്നവർ ഈശോയെതന്നെ സ്വീകരിക്കുന്നു.

*6–7 എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവനു കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരികല്ലുകെട്ടി കടലിൻെറ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും. പ്രലോഭനങ്ങൾ നിമിത്തം ലോകത്തിനു ദുരിതം! പ്രലോഭനങ്ങൾ ഉണ്ടാകേണ്ടതാണ്, എന്നാൽ, പ്രലോഭന ഹേതുവാകുന്നവനു ദുരിതം!*

ക്രിസ്തു വെറുക്കുന്ന ഏറ്റവും ശക്തമായ പാപങ്ങളിൽ ഒന്ന് "ദുഷ്പ്രേരണയാണ്." അതുകൊണ്ടുതന്നെയാണ് ക്രിസ്തു ദുഷ്പ്രേരണയ്ക്ക് ഇത്ര വലിയ ശിക്ഷ കൽപ്പിക്കുന്നത്!

ശിശുക്കളെക്കുറിച്ചല്ല, 'എന്നിൽ വിശ്വസിക്കുന്ന ചെറിയവരെ' (വിശ്വാസികൾ–ശിഷ്യർ) ക്കുറിച്ചാണ് ഇവിടെ പ്രതിപാദ്യം. അവരുടെ വിശ്വാസത്തെ നശിപ്പിക്കുന്ന പ്രവൃത്തിയാണ് ഇടർച്ച. മറ്റൊരുവനു വിശ്വാസം നഷ്ടം വരുത്തുന്നവൻ വലിയ പാതകമാണു ചെയ്യുന്നത്. വിശ്വാസികൾക്ക് ഉണ്ടാകാവുന്ന ഏറ്റവും വലിയ അപകടം വിശ്വാസനഷ്ടമാണ്. ദൈവം തന്റെ പുത്രന്റെ പ്രവർത്തനങ്ങളെ നയിച്ചത് അവരെ രക്ഷിക്കാൻ വേണ്ടിയായിരുന്നു (18.11...). തന്റെ ശിഷ്യന്മാർക്കു തന്നിൽ ഇടർച്ചയുണ്ടാകുമെന്ന് ഈശോ മുൻകുട്ടി പ്രവചിച്ചു (26.31). യുഗാന്ത്യത്തിനുമുമ്പ് പലർക്കും വിശ്വാസമാന്ദ്യം ഉണ്ടാവും (24.10) എന്നു പറയുന്നത് ഈ നാശം മുന്നിൽ കണ്ടുകൊണ്ടാണ്. വിശ്വാസികളെ ഈശോയിൽനിന്ന് അകറ്റുന്നവർക്കുള്ള ശിക്ഷ വലുതാണ്. 'കഴുത്തിൽ കല്ലു കെട്ടി കടലിൽ എറിയപ്പെടുക' എന്നതാണ് ഭേദമായ ശിക്ഷ. ധാന്യം പൊടിക്കുന്ന ചക്ക് തിരിക്കുന്നതു കഴുതകളായിരുന്നു. അതിനായി ഭാരമുള്ള കല്ല് ഉപയോഗിച്ചിരുന്നു.

ഇടർച്ച നൽകുന്നവർക്കും ഇടർച്ചയ്ക്ക് ഇരയാവുന്നവർക്കും ദുരിതം അനുഭവപ്പെടുമെന്നതിനാൽ, ലോകത്തിന്റെ ദുരിതം വലുതാണ്. പലരുടെയും വിശ്വാസനഷ്ടത്തിനു കാരണമായിത്തീരുന്നു, ഫ്രീശർക്കും നിയമജ്ഞർക്കുമെതിരെ ഈശോ ശാപവചസ്സുകൾ ഉച്ചരിക്കുന്നുണ്ട് (23.13–30).

ഇടർച്ചയുണ്ടാവുക സ്വാഭാവികമാണെന്നു പറയാൻ കാരണം, ശിഷ്ടരും ദുഷ്ടരും ലോകത്തിൽ ഉണ്ടായിരിക്കുമെന്നതാണ്. കളകളുടെ ഉപമ അക്കാര്യം സ്പഷ്ടമാക്കുന്നു (13.36..). എന്നാൽ, ദുഷ്ടർക്ക് അവസാനം ശിക്ഷയുണ്ടാകും. ഇടർച്ച അനുഭവപ്പെടുമ്പോൾ അതിനെ ചെറുത്തുനിൽക്കുക ആവശ്യമാണ്. സ്വാതന്ത്രതിരുമാനത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ , ഇടർച്ചയ്ക്കു വഴങ്ങുന്നവർക്കും അവരുടേതായ ഉത്തരാവാദിത്വം ഉണ്ട്.

*8–9 നിൻെറ കൈയോ കാലോ നിനക്കു പാപഹേതുവാകുന്നെങ്കിൽ അതു വെട്ടി എറിഞ്ഞുകളയുക.*

*ഇരുകൈകളും ഇരുകാലുകളും ഉള്ളവനായി നിത്യാഗ്നിയിൽ എറിയപ്പെടുന്നതിനെക്കാൾ നല്ലത് അംഗഹീനനോ മുടന്തനോ ആയി ജീവനിലേക്കു പ്രവേശിക്കുന്നതാണ്. നിൻെറ കണ്ണ് നിനക്കു ദുഷ്പ്രേരണയ്ക്കു കാരണമാകുന്നെങ്കിൽ, അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക. ഇരുകണ്ണുകളോടുംകൂടെ നരകാഗ്നിയിൽ എറിയപ്പെടുന്നതിനെക്കാൾ നല്ലത് ഒരു കണ്ണുള്ളവനായി ജീവനിലേക്കു പ്രവേശിക്കുന്നതാണ്.*

6,7 എന്നീ വക്യങ്ങൾ മറ്റുള്ളവരുടെ നാശത്തിനു കാരണമാകുന്ന ഇടർച്ചയെക്കുറിച്ചും, 8,9 എന്നീ വാക്യങ്ങൾ ഓരോരുത്തരുടെയും നാശത്തിനു കാരണമാക്കുന്ന പാപങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നതായി തോന്നിയേക്കാം. സ്വന്തം പാപം വഴി സ്വന്തം രക്ഷ അപകടത്തിലാക്കാൻ മനുഷ്യനു കഴിയും. പാപങ്ങൾക്കു കാരണമാകുന്ന ശരീരാവയവങ്ങളെ ഛേദിച്ചുകളഞ്ഞും പാപത്തിൽനിന്നു രക്ഷപെടാണമെന്നു പരാമർശം ഉണ്ടായതാണ് (5.29..). അവിടെ ബലഹീനരായ സ്ത്രീകളുടെ സംരക്ഷണത്തിനു വേണ്ടിയാണ് ലൈഗീകപാപങ്ങൾ ചെയ്യരുതെന്ന് ആഹ്വാനമുണ്ടായത്. പാപകാരണമാകുന്ന കണ്ണു കയ്യും ഛേദിച്ചുകളയാമുള്ള ആഹ്വാനമാണ് അവിടെയുണ്ടായിരുന്നത്. ഇവിടെ ബലഹീനരായ സഭാംഗങ്ങളുടെ വിശ്വാസസരക്ഷണം ഉദ്ദേശിച്ചുള്ള നിർദ്ദേശങ്ങളാണു കാണുന്നത്. ദുഷ്ടരെ സമൂഹഗാത്രത്തിലെ അവയവങ്ങളോടാണ് ഇവിടെ ഉപമിച്ചിരിക്കുന്നത്. ഇടർച്ച നൽകുന്ന സമൂഹത്തിൽ നിന്നു വെട്ടി നീക്കപെടേണ്ട അവയവങ്ങൾ. ദൈവത്തിൽ നിന്ന മനുഷ്യരെ അകറ്റുന്ന എല്ലാ പാപങ്ങളെയും മനുഷ്യൻ പരിവർജ്ജിക്കേണ്ടിയിരിക്കുന്നു (ഗലാ. 56.16–24; റോമാ 13.14). സഭാസമൂഹത്തിൽ നിന്ന് ചില അംഗങ്ങളെ അകറ്റിക്കളയുക ആവശ്യമാണെന്നു മത്തായി കരുതുന്നു. അതു സഭയുടെ ശിക്ഷാനടപടികളെ സൂചിപ്പിക്കുന്നു (18.15–17). പൗലോസ് സഭാംഗങ്ങളെ ഉപമിക്കുന്നത് മൗതീകശരീരത്തിലെ അവയവങ്ങളോടാണ് (1കോറി 12.12–27). 'ഒരു കയ്യോടെയോ... ഒരു കാലോടെയോ... ഒരു കണ്ണോടെയോ സ്വർഗ്ഗത്തിൽ പ്രവേമശിക്കുന്നത്" എന്ന പ്രയോഗം അത്രം ഭംഗിയുള്ളതല്ല. മത്തായി അത്തരം പ്രയോഗങ്ങൾ മർക്കോസിൽനിന്ന് അതേപടി സ്വീകരിച്ചിരിക്കുന്നു എന്നു മാത്രം.

---

കടപ്പാട്: **റവ.ഡോ.തോമസ് കയ്യാലപറമ്പിൽ**

***"സുവിശേഷ വ്യഖാനം: മത്തായി"***

"ഒരു ശിശുവിനെ എൻെറ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു..." ക്രിസ്തുവിന്റെ നാമത്തിൽ സ്വീകരിക്കുന്നതെല്ലാം ക്രിസ്തുവിനെ സ്വീകരിക്കുന്നതിന് തുല്യമാണ്!